**3 മിനുറ്റ് പ്രവചനക്കുറിപ്പ് തയ്യാറാക്കുവാൻ സഹായകരമായ, പ്രവചനത്തിനുള്ള ഉദാഹരണ-വിഷയങ്ങൾ**
**2026-ICSC—ദൂത് അഞ്ച്—ഇയ്യോബിനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം—ഒരു നല്ല മനുഷ്യൻ ഒരു ദൈവ-മനുഷ്യനായിത്തീരുന്നതാണ്**

**ദിവസം** 1

**വിഷയം 1**

The Creator did not reveal His purpose to anyone before the New Testament age (Job 10:13; Eph. 3:9).

(Please illustrate that Job could not find the reason for God's dealing with him, but he believed that some reasons were hidden in God's heart.)

സ്രഷ്ടാവ് പുതിയ നിയമ യുഗത്തിന് മുമ്പ് തന്റെ ഉദ്ദേശ്യം ആർക്കും വെളിപ്പെടുത്തിയില്ല (ഇയ്യോ 10:13; എഫെ. 3:9).

(തന്നോടുള്ള ദൈവത്തിന്റെ ഇടപെടലിന്റെ കാരണം കണ്ടെത്തുവാൻ ഇയ്യോബിന് കഴിഞ്ഞില്ല, എങ്കിലും ചില കാര്യങ്ങൾ ദൈവത്തിന്റെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്നു എന്ന് അവൻ വിശ്വസിച്ചു എന്ന് ദയവായി വിശദമാക്കുക.)

**വിഷയം** 2

There were many things within God Himself, but He could not reveal them to Job (Eph. 3:9, 17).

(Please illustrate that Job was in the primitive stage of the divine revelation.)

ദൈവത്തിന്റെ ഉള്ളിൽ അനവധി കാര്യങ്ങൾ ഉണ്ടായിരുന്നു, എങ്കിലും അവ ഇയ്യോബിന് വെളിപ്പെടുത്തുവാൻ അവന് കഴിഞ്ഞില്ല (എഫെ. 3:9, 17).

(ഇയ്യോബ് ദിവ്യ വെളിപാടിന്റെ പ്രാരംഭ ഘട്ടത്തിലായിരുന്നു എന്ന് ദയവായി വിശദമാക്കുക.)

**ദിവസം** 2

**വിഷയം 3**

God created man in His own image and according to His likeness for man to express Him (Gen. 1:26; 1 John 3:2).

(Please illustrate that expressing God is higher than fearing God and shunning evil.)

മനുഷ്യൻ ദൈവത്തെ ആവിഷ്കരിക്കേണ്ടതിന് ദൈവം മനുഷ്യനെ തന്റെ സ്വന്തം സ്വരൂപത്തിലും തന്റെ സാദൃശ്യപ്രകാരവും സൃഷ്ടിച്ചു (ഉല്പ. 1:26; 1 യോഹ. 3:2).

(ദൈവത്തെ ആവിഷ്കരിക്കുന്നത് ദൈവത്തെ ഭയപ്പെടുന്നതിനേക്കാളും തിന്മ വിട്ടകലുന്നതിനേക്കാളും ഉന്നതമാണ് എന്ന് ദയവായി വിശദമാക്കുക.)

**വിഷയം** 4

Only God knew that Job had a need, which was the lack of God (1 Tim. 6:11; 2 Tim. 3:17).
(Please illustrate that a Christian should pursue God Himself more than anything else.)

ഇയ്യോബിന് ഒരു ആവശ്യമുണ്ടായിരുന്നു എന്ന് ദൈവത്തിന് മാത്രമേ അറിയാമായിരുന്നുള്ളൂ, അത് ദൈവത്തിന്റെ കുറവായിരുന്നു (1 തിമൊ. 6:11; 2 തിമൊ. 3:17).
(ഒരു ക്രിസ്ത്യാനി മറ്റെന്തിനേക്കാളും ദൈവത്തെ തന്നെ പിൻപറ്റണം എന്ന് ദയവായി വിശദമാക്കുക.)

**ദിവസം 3**

**വിഷയം 5**

Job was in a wrong realm, building up his own perfection, uprightness, and integrity (Job 42:5-6).
(Please illustrate that God considers all these things to be frustrations and therefore wants to strip them from us.)

ഇയ്യോബ് തന്റെ സ്വന്തം തികവ്, നേര്, സത്യസന്ധത എന്നിവ പണിതുയർത്തിക്കൊണ്ട് ഒരു തെറ്റായ മണ്ഡലത്തിലായിരുന്നു (ഇയ്യോ 42:5-6).
(ദൈവം ഈ കാര്യങ്ങളെല്ലാം തടസ്സങ്ങളായി കണക്കാക്കുന്നു, അതിനാൽ ഇവ നമ്മിൽ നിന്ന് നീക്കിക്കളയുവാൻ അവൻ ആഗ്രഹിക്കുന്നു എന്ന് ദയവായി വിശദമാക്കുക.)

**വിഷയം 6**

Today there are two realms—the realm of the old creation and the realm of the new creation (Job 42:5-6).
(Please illustrate the difference between the realm of the old creation and the realm of the new creation.)

ഇന്ന് രണ്ട് മണ്ഡലങ്ങളുണ്ട്—പഴയ സൃഷ്ടിയുടെ മണ്ഡലവും പുതിയ സൃഷ്ടിയുടെ മണ്ഡലവും (ഇയ്യോ 42:5-6).
(പഴയ സൃഷ്ടിയുടെ മണ്ഡലവും പുതിയ സൃഷ്ടിയുടെ മണ്ഡലവും തമ്മിലുള്ള വ്യത്യാസം ദയവായി വിശദമാക്കുക.)

**ദിവസം 4**

**വിഷയം 7**

Seeing the revelation concerning God's economy enables one to understand the book of Job (1 Tim. 6:11; 2 Tim. 3:17).
(Please illustrate what the revelation of God's economy is.)

ദൈവത്തിന്റെ വ്യവസ്ഥയെ സംബന്ധിച്ച വെളിപാട് കാണുന്നത് ഇയ്യോബിന്റെ പുസ്തകം മനസ്സിലാക്കുവാൻ ഒരുവനെ പ്രാപ്തനാക്കുന്നു (1 തിമൊ. 6:11; 2 തിമൊ. 3:17).

(ദൈവത്തിന്റെ വ്യവസ്ഥയുടെ വെളിപാട് എന്താണെന്ന് ദയവായി വിശദമാക്കുക.)

**വിഷയം 8**
The main content of the New Testament is the eternal economy of The Triune God according to His good pleasure (1 Tim. 6:11; 2 Tim. 3:17).
(What is the answer given by God concerning the purpose of Job's suffering?)

പുതിയ നിയമത്തിന്റെ പ്രധാന ഉള്ളടക്കം ത്രിയേക ദൈവത്തിന്റെ തന്റെ സുപ്രസാദപ്രകാരമുള്ള നിത്യ വ്യവസ്ഥയാണ് (1 തിമൊ. 6:11; 2 തിമൊ. 3:17).
(ഇയ്യോബിന്റെ കഷ്ടപ്പാടിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് ദൈവം നൽകിയ മറുപടി എന്താണ്?)

**ദിവസം 5**
**വിഷയം 9**
The Bible reveals a wonderful and excellent One—the God-man, Jesus Christ (John 12:24; Rom. 8:29).
(What is a God-man?)

ബൈബിൾ അത്ഭുതവാനും ഉൽകൃഷ്ടനുമായ ഒരുവനെ വെളിപ്പെടുത്തുന്നു—ദൈവ-മനുഷ്യനായ യേശുക്രിസ്തുവിനെ (യോഹ. 12:24; റോമ. 8:29).
(എന്താണ് ഒരു ദൈവ-മനുഷ്യൻ?)

**വിഷയം 10**
We must die and live so that many God-men can become the building material (John 12:24; Rom. 8:29; 1 Cor. 15:31).
(Please illustrate with experience that the Christian life does not consist in loving others outwardly or in being gentle and forbearing ethically; we must die daily.)

അനേകം ദൈവ-മനുഷ്യന്മാർ കെട്ടുപണിയുടെ സാമഗ്രികളായിത്തീരുവാൻ തക്കവണ്ണം നാം മരിക്കുകയും ജീവിക്കുകയും വേണം (യോഹ. 12:24; റോമ. 8:29; 1 കൊരി. 15:31).
(ക്രിസ്തീയ ജീവിതം എന്നത് ബാഹ്യമായി മറ്റുള്ളവരെ സ്നേഹിക്കുന്നതിലോ അല്ലെങ്കിൽ ധാർമികമായി സൗമ്യതയും സഹിഷ്ണുതയും ഉള്ളവരായിരിക്കുന്നതിലോ അടങ്ങിയിരിക്കുന്നതല്ല; നാം ദിനംപ്രതി മരിക്കണം എന്ന് അനുഭവത്തിലൂടെ ദയവായി വിശദമാക്കുക.)

**ദിവസം 6**
**വിഷയം 11**
The Bible, the word of God, is the breathing out of God (2 Tim. 3:16-17).
(Please illustrate that God's speaking is His breathing out; His word is The Spirit.)

ദൈവത്തിന്റെ വചനമായ ബൈബിൾ, ദൈവത്തിന്റെ പുറത്തേക്കുള്ള ശ്വസിക്കലാണ് (2 തിമൊ. 3:16-17).

(ദൈവത്തിന്റെ സംസാരം അവന്റെ പുറത്തേക്കുള്ള ശ്വസിക്കലാണ്; അവന്റെ വചനം ആത്മാവാണ് എന്ന് ദയവായി വിശദമാക്കുക.)

**വിഷയം 12**

Applying the humanity of Jesus to every detail of our daily walk and conduct (2 Tim. 2:22; 3:16).

(Please illustrate the ways to enjoy the humanity of Jesus.)

യേശുവിന്റെ മനുഷ്യത്വത്തെ നമ്മുടെ ദിനംപ്രതിയുള്ള നടപ്പിന്റെയും പെരുമാറ്റത്തിന്റെയും എല്ലാ വിശദാംശങ്ങളിലും പ്രയോഗിക്കുക (2 തിമൊ. 2:22; 3:16).

(യേശുവിന്റെ മനുഷ്യത്വത്തെ ആസ്വദിക്കുവാനുള്ള വഴികൾ ദയവായി വിശദമാക്കുക.)